# കൊച്ചിൻ ദേവസ്വം ബോർഡ്

## ടെണ്ടർ പരസ്യം

A9-2832/24 Dated : 03/03/2025

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്ന് എല്ലാവരും അറിയുന്നതിനായി.

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള ചോറ്റാനിക്കര ഭഗവതി ക്ഷേത്രം, എറണാകുളം ശിവക്ഷേത്രം, തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രം, തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം എന്നിവിടങ്ങളിൽ **2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31** കൂടിയുള്ള കാലത്തേക്ക് വഴിപാടുകാർക്ക് വേണ്ടി കതിനവെടി നടത്തുന്നതിനായി വെടി 1 ക്ക് ഏറ്റവും കുറവ് സംഖ്യ രേഖപ്പെടുത്തിയും, സുരക്ഷാക്രമീകരണങ്ങൾ, വെടിമരുന്ന്, കൂലിച്ചെലവ്, ഇൻഷുറൻസ് അടക്കം മുഴുവൻ ചെലവും കരാറുകാരൻ വഹിക്കുന്നതിന് തയ്യാറാണെന്നുള്ളതിന് സീൽഡ് ടെണ്ടറുകളും, കൂടാതെ മുൻവർഷങ്ങളിലെ പോലെ ചോറ്റാനിക്കര ഭഗവതി ക്ഷേത്രം, ശ്രീ കുരുംബ ഭഗവതി ക്ഷേത്രം, തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം എന്നിവിടങ്ങളിലെ വെടി വഴിപാട് അവകാശം വെടി 1 ക്ക് എന്ന രീതിയിലല്ലാതെ ഒരു വർഷത്തേക്ക് വെടി വഴിപാട് അവകാശം ഏറ്റെടുത്ത് നടത്തുന്നതിന് തയ്യാറുള്ളവരിൽ നിന്നും വകുപ്പിന് നൽകുന്ന തുക രേഖപ്പെടുത്തിയും ടെണ്ടറുകൾ സമർപ്പിക്കാവുന്നതാണ്. മേൽ പറഞ്ഞ ടെണ്ടറുകളിൽ വകുപ്പിന് ഗുണകരമായിട്ടുള്ള ടെണ്ടർ ഏതാണോ ആയത് സ്വീകരിക്കാവുന്നതാണ്.

ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് LE3 ലൈസൻസ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും, ടെണ്ടറിനോടൊപ്പം ആയതിന്റെ പകർപ്പ് അടക്കം ചെയ്യേണ്ടതുമാണ്. LE2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിലേക്ക് ആവശ്യമായ അളവിൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ വെടുമരുന്ന് വിതരണം ചെയ്യേണ്ടതുമാണ്. ടെണ്ടറിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിൽ 50,000/- ക യും, എറണാകുളം ശിവക്ഷേത്രത്തിൽ 25,000/- ക യും, തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ 2,50,000/- ക യും, ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ 2,00,000/- ക യും, തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രത്തിൽ 25,000/- ക യുടെയും, ഡിമാന്റ് ഡ്രാഫ്റ്റ് (തൃശ്ശൂരിൽ മാറാവുന്നത്) **''ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ''** എന്ന പേരിൽ എടുത്ത് ടെണ്ടറിനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ലഭിക്കുന്ന ടെണ്ടറുകൾ തുറന്ന് പരിശോധിച്ച് ബഹു.ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ടെണ്ടർ ഉറപ്പിച്ചു നൽകുന്നതാണ്. ടെണ്ടറുകൾ വെട്ടിത്തിരുത്തലുകൾ കൂടാതെ കൃത്യമായി സംഖ്യ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ടെണ്ടർ അടങ്ങിയ കവറിന്റെ മുകളിൽ **''2025-2026 --------------------------- ക്ഷേത്രത്തിലെ വെടിവഴിപാട് ടെണ്ടർ''** എന്ന് എഴുതിയിരിക്കേണ്ടതുമാണ്. ടെണ്ടർ 2025 മാർച്ച് മാസം 14-ാം തിയ്യതി ഉച്ചതിരിഞ്ഞ് 3 മണിക്ക് കൊച്ചിൻ ദേവസ്വം ബോർഡിന്റെ തൃശ്ശൂർ ഓഫീസിൽ വെച്ച് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്.

ടെണ്ടറിന് ഒരു മണിക്കൂർ മുമ്പുവരെ നേരിട്ടോ, രജിസ്ട്രേഡ് തപാൽ മുഖേനയോ ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡ് തൃശ്ശൂർ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ദേവസ്വത്തിന് ഗുണകരമായ ടെണ്ടർ ബഹു.ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ഉറപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട് ഹൈക്കോടതിയുടെ WFC No. 6412/12 ഉത്തരവ് പ്രകാരം LE2 ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥലത്തിന് ദേവസ്വം ഓഫീസർ/ദേവസ്വം മാനേജർ ഇൻഷൂർ ചെയ്യേണ്ടതും, ക്ഷേത്രത്തിൽ ടെണ്ടർ കാലാവധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവൻ ടെണ്ടറുകാരന്റെ ചുമതലയിലും. ഉത്തരവാദിത്വത്തിലും നടത്തേണ്ടതുമാണ്. എക്സ്പ്ലോസീവ് ആക്ട് അനുശാസിക്കുന്ന ലൈസൻസ് 3rd Party Insurance Claim അടക്കം ലഭിക്കുന്നതിനുള്ള ഇൻഷൂറൻസ്, മറ്റു സുരക്ഷാനടപടികൾ ഇവയെല്ലാം ടെണ്ടറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ടതും, അവയുടെ ലംഘനം നിമിത്തമോ, ടെണ്ടറുകാരന്റെയോ, ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയോ അശ്രദ്ധ നിമിത്തമോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ദേവസ്വത്തിനോ, കൊച്ചിൻ ദേവസ്വം ബോർഡിനോ യാതൊരുവിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. ടെണ്ടറുകാരൻ വെടിവഴിപാട് പ്രവൃത്തി മുഴുവനായും സ്വന്തം ചെലവിൽ ഇൻഷൂർ ചെയ്ത് പോളിസിയുടെ പകർപ്പ് ദേവസ്വത്തിൽ 2025 ഏപ്രിൽ 1 ന് ഹാജരാക്കേണ്ടതാണ്.

ടെണ്ടർ കൊണ്ട് വ്യക്തി നിയമാനുസൃതമായ ഇൻകംടാക്സ് സംഖ്യ ദേവസ്വത്തിൽ അടക്കുവാൻ ബാധ്യസ്ഥനാണ്.

മേൽ പറഞ്ഞ ക്ഷേത്രങ്ങളിൽ പതിവായി നടത്താറുള്ള ആചാരവെടികളും, വിശേഷാൽ ദിവസങ്ങളിലുള്ള ആചാരവെടികളും, അനുഭവം പറ്റാതെയും ആക്ഷേപങ്ങൾ കൂടാതെയും ടെണ്ടറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നടത്തേണ്ടതാകുന്നു. പതിവു വെടികളും, വഴിപാടു വെടികളും നല്ല വെടിമരുന്ന് ഉപയോഗിച്ച് ആക്ഷേപങ്ങൾക്ക് ഇടനൽകാതെ നടത്തേണ്ടതാകുന്നു. ടെണ്ടറുകാരനോ, ടിയാന്റെ തൊഴിലാളികളോ ക്ഷേത്രാചാരങ്ങൾക്ക് വിരുദ്ധമായി പെരുമാറാൻ പാടില്ലാത്തതും, ക്ഷേത്ര ദർശനത്തിന് വരുന്ന ഭക്തന്മാരോട് മര്യാദയായും ആക്ഷേപങ്ങൾക്ക് ഇടനൽകാതെയും പെരുമാറേണ്ടതുമാകുന്നു.

വെടി 1 ക്ക് എന്ന രീതിയിലല്ലാതെ 1 വർഷത്തേക്ക് വെടി വഴിപാട് ഏറ്റെടുക്കുന്നപക്ഷം ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞാൽ 25% സംഖ്യ അഡ്വാൻസ് അടക്കേണ്ടതും, ബാക്കി സംഖ്യ 2025 മെയ്, സെപ്റ്റംബർ, ഡിസംബർ എന്നീ മാസങ്ങളിൽ 10-ാം തിയ്യതിക്കു മുൻപ് ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതും ഏതെങ്കിലും തവണ അടക്കാതെ വന്നാൽ ക്രമപ്രകാരം 20% പലിശ സഹിതം അടക്കേണ്ടതാകുന്നു. കുടിശ്ശിക വരുന്നപക്ഷം ടെണ്ടർ ദുർബ്ബലപ്പെടുത്തി ഈ അവകാശം ആദ്യ ടെണ്ടറുക്കാരന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും ടെണ്ടർ നടത്തുന്നതുമാകുന്നു. കൂടാതെ വഴിപാട് കതിനവെടി നടത്തുന്നതിനുള്ള അവകാശം പിരിവെടുക്കുന്നതിന് ഹിന്ദുക്കളല്ലാത്തവരെ അനുവദിക്കുന്നതല്ല. വഴിപാട് കതിനവെടി നടത്തുന്നതിനുള്ള അവകാശം ടെണ്ടർ കൊണ്ട ആൾ വഴിപാടുകാരിൽ നിന്ന് വെടി 1 ന് 15/-രൂപ പ്രകാരം വസൂൽ ചെയ്ത് വഴിപാട് നടത്തേണ്ടതുമാണ്.

മേൽ നിശ്ചയങ്ങൾക്ക് വിരുദ്ധമായി ടെണ്ടറുകാരനോ ടിയാന്റെ തൊഴിലാളികളോ ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയോ ദേവസ്വത്തിന് വരുമാനം നഷ്ടപ്പെടുന്ന രീതിയിൽ

പ്രവർത്തിക്കുകയോ മറ്റോ ചെയ്താൽ ടെണ്ടർ ദുർബലപ്പെടുത്തുന്നതിനും ആവശ്യാനുസരണം പിഴ ഈടാക്കുന്നതിനും ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കും ഇതിനു പുറമെ ടെണ്ടറുകാരൻ കെട്ടി വച്ചിട്ടുള്ള നിരതദ്രവ്യം പിഴയായി മുതൽകൂട്ടുന്നതിനും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ടെണ്ടർ വെക്കുന്നതിനും മറ്റ് യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതിനും ബോർഡിന് അധികാരം ഉണ്ടായിരിക്കും വീണ്ടും ലേലം വെക്കേണ്ടി വന്നാൽ അതിൽ ലാഭമുണ്ടായാൽ ടിയാന് അവകാശം ഇല്ലാത്തതും നഷ്ടം ഉണ്ടായാൽ ടിയാനിൽ നിന്നും വസൂലാക്കി എടുക്കുന്നതിന് ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

ടെണ്ടർ ലഭിച്ചയാൾ എക്സ്പ്ലോസീവ് സാമഗ്രികൾ, കൂലിചെലവ്, വെടിമരുന്ന് ചിലവ് എന്നിവ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യുമെന്ന വിവരം നിയമാനുസൃതം മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട് തരേണ്ടതാണ്. ടെണ്ടറുകാരൻ കെട്ടി വെക്കുന്ന നിരതദ്രവ്യം ടെണ്ടർ കാലാവധിക്ക് ശേഷം യാതൊരു ബാധ്യതകളും ഇല്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം മടക്കി നൽകുന്നതായിരിക്കും. വെടി വഴിപാടിനുള്ള രശീതികൾ ദേവസ്വം കൗണ്ടർ വഴി (തൃപ്രയാർ ഒഴികെ) മാത്രം ഭക്തർക്ക് നൽകുന്നതാണ്.) ടെണ്ടറുകാരന് നൽകുന്ന വിഹിത സംഖ്യ തൊട്ടടുത്ത മാസം എക്കൗണ്ട് തയ്യാറാക്കി നൽകുന്നതാണ്. ടെണ്ടറുകാരന് വിഹിത സംഖ്യയ്ക്ക് Account payee ചെക്ക് അതാത് ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാർ നൽകുന്നതാണ്. ഒരു വർഷത്തേക്ക് ടെണ്ടർ തുക രേഖപ്പെടുത്തി സമർപ്പിക്കുന്നവർക്ക് മേൽ പറഞ്ഞ നിബന്ധന ബാധകമല്ല.

ഏതെങ്കിലും കാരണവശാൽ ടെണ്ടർ നടത്തുന്നതിന് ബുദ്ധിമുട്ടോ മറ്റ് തടസ്സങ്ങളോ ഉണ്ടായാൽ ടെണ്ടർ നിർത്തി വെച്ച് ബഹുമാനപ്പെട്ട ബോർഡിന്റെ തീർപ്പിന് വിധേയമായി മേൽ നടപടികൾ സ്വീകരിക്കുന്നതുമാകുന്നു.

ഈ ടെണ്ടറിനെപ്പറ്റി കൂടുതലായി എന്തെങ്കിലും അറിയണമെന്ന് ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട ദേവസ്വം ഓഫീസിലോ. കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിലോ പ്രവർത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
കൊച്ചിൻ ദേവസ്വം ബോർഡ്